ഉത്തരം

(എ) ട്രാക്കോ കേബിൾ കമ്പനിയിൽ ആകെ 749 പേർ പണിയെടുക്കുന്നുണ്ട്.

(ബി)

1. ഓഫീസേഴ്സ്	-	65
2. മാനേജ്മെന്റ് ട്രെയിനീസ്	-	12
3. സ്റ്റാഫ്	-	88
4. വർക്കേഴ്സ്	-	438
5. വർക്കർ ട്രെയിനീസ്	-	120
6. കാഷ്വൽസ്	-	26

(സി) ഇരിംപനം ഫാക്ടറി

1. പവർ ആന്റ് കൺട്രോൾ കേബിൾ വെതർ പ്രൂഫ്, ഇലക്ട്രിക്കൽ കൺട്രോൾ കേബിൾ.

2. ഓവർഹെഡ് കണ്ടക്ടേഴ്സ് - എ എ സി, എ സി എസ് ആർ, എ എ എ സി.

3. ടെലിഫോൺ കേബിൾ - പോളിത്തീൻ ഇൻസുലേറ്റഡ് അല്ലിഫിൽഡ് അണ്ടർ ഗ്രൗണ്ട് ടെലിഫോൺ കേബിൾ, പിവിസി ഏരിയൽ കേബിൾ, പിവിസി ഡ്രോപ്പ് വയർ.

തിരുവല്ലാ ഫാക്ടറി

ടെലിഫോൺ കേബിൾ - പോളിത്തീൻ ഇൻസുലേറ്റഡ് അല്ലിഫിൽഡ് അണ്ടർഗ്രൗണ്ട് ടെലിഫോൺ കേബിൾ.

(ഡി) ഈ കമ്പനി ഇപ്പോൾ ലാഭത്തിലല്ല പ്രവർത്തിക്കുന്നത്. വിപണിയിൽ ഉണ്ടായിരിക്കുന്ന കടുത്ത മൽസരംമൂലം ഉൽപ്പന്നവിലയിൽ വളരെയധികം കുറവുണ്ടായിട്ടുണ്ട്. ഇക്കാരണംകൊണ്ട് കമ്പനിയ്ക്ക് കഴിഞ്ഞ വർഷങ്ങളിൽ നഷ്ടമുണ്ടായിട്ടുണ്ട്.

കേരള ഹൈടെക് ഇൻഡസ്ട്രീസിൽ വാഷിംഗ് മെറ്റീരിയൽസ് വാങ്ങുന്നതു സംബന്ധിച്ച്

27 (3103) ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ചാക്കയിൽ പ്രവർത്തിക്കുന്ന കേരള ഹൈടെക് ഇൻഡസ്ട്രീസ് എന്ന പൊതുമേഖലാ സ്ഥാപനത്തിലേക്ക് വാഷിംഗ് മെറ്റീരിയൽസ്, വാഷിംഗ് സോപ്പ് എന്നിവ വാങ്ങുന്നതിന് പ്രതിമാസം എത്ര രൂപയാണ് ചെലവ് വരുന്നത്;

(ബി) പ്രസ്തുത ആവശ്യങ്ങൾക്ക് ഇപ്പോൾ ബഹുരാഷ്ട്ര കുത്തകകളുടെ ഉൽപ്പന്നങ്ങളാണ് വാങ്ങുന്നതെന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സാധനങ്ങൾ കേരള സോപ്സ് ആന്റ് ഓയിൽസിന്റെ പക്കൽ നിന്നും വാങ്ങുന്നതിന് അടിയന്തിര നിർദ്ദേശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പ്രതിമാസം ശരാശരി 4164 രൂപയാണ് ചെലവ് വരുന്നത്.

(ബി) മുമ്പ് പ്രസ്തുത സാധനങ്ങൾ സപ്ലൈകോ, മാർജിൻ ഫ്രീഷോപ്പ് എന്നിവിടങ്ങളിൽ നിന്നുമാണ് വാങ്ങിയിരുന്നത്. ഇവിടെനിന്ന് വാങ്ങിയിരുന്ന സാധനങ്ങൾ കേരള സോപ്സ് ആന്റ് ഓയിൽസ് ഉൽപ്പന്നങ്ങളാണ്.

(സി) പ്രസ്തുത സാധനങ്ങൾ കഴിഞ്ഞമാസം മുതൽ കേരള സോപ്സ് ആന്റ് ഓയിൽസിന്റെ പക്കൽനിന്നും വാങ്ങിവരുന്നു.

ഹാൻടെക്സിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് നടപടി

28 (3105)ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹാൻടെക്സിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കൂടുതൽ നവീനവും ആകർഷകവുമായ തുണിത്തരങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ വേണ്ടി ഗവൺമെന്റ് എന്തെല്ലാം പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ;

(സി) ഹാൻടെക്സിന്റെ വിപുലീകരണത്തെക്കുറിച്ച് പഠിക്കുന്നതിനു വേണ്ടി അഹമ്മദാബാദിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത സ്ഥാപനം അതിന്റെ പഠനറിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) കമ്പോളത്തിൽ കൂടുതൽ പ്രിയങ്കരമായ ഇനങ്ങൾ മനസ്സിലാക്കി ഉപഭോക്താക്കൾക്ക് ഇഷ്ടപ്പെട്ട തരത്തിലുള്ള ഡിസൈനുകൾ ചേർത്ത് അംഗ കൈത്തറി സംഘങ്ങൾ വഴി ഉൽപ്പാദിപ്പിച്ച് വിറ്റഴിക്കുവാനുള്ള പ്രവർത്തനം ത്വരിതഗതിയിൽ നടപ്പിലാക്കിവരുന്നു. ഹാൻടെക്സ് പ്രോസസ്സ് ഹൗസിൽ കൂടുതൽ വൈവിദ്ധ്യമാർന്ന പ്രിന്റിംഗിന് ആവശ്യമായ മെഷിനറി വാങ്ങി അതിന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി എടുത്തുകഴിഞ്ഞു. ബാലരാമപുരത്ത് സ്ഥാപിച്ചിട്ടുള്ള കമ്പ്യൂട്ടറൈസ്ഡ് ഡിസൈൻ സെന്ററിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാനും നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിവിധ സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള തുണിത്തരങ്ങളും ഉൽപ്പാദിപ്പിച്ച് ഓർഡറുകൾ ലഭിക്കുന്ന മുറയ്ക്ക് വിതരണം ചെയ്തുവരുന്നു.

(ബി) കമ്പോളത്തിൽ പ്രിയങ്കരമായ വസ്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ ഹാന്റെക്സിൽ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി

LIBRARY ARCHIVES Kerala Legislative Assembly